"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ.പിഎഡി-ബി1/84/2024-പിഎഡി
പാർലമെന്ററികാര്യ(ബി) വകുപ്പ്
തിരുവനന്തപുരം
തിയതി: 09-12-2024

പരിപത്രം

വിഷയം:- പാർലമെന്ററികാര്യ വകുപ്പ്- പതിനഞ്ചാം കേരള നിയമസഭ- ഹർജികൾ സംബന്ധിച്ച സമിതി (2023-26) — നാലാമത് റിപ്പോർട്ട് -സമിതി ശിപാർശകൾ/ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടത്-പരിപത്രം പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:- നിയമസഭാ സെക്രട്ടറിയുടെ 21.10.2024-ലെ 2191/ഹർജി സി2/2023/ലെജി നമ്പർ കത്ത്.

ഹർജികൾ സംബന്ധിച്ച സമിതി(2023-26)-യുടെ നാലാമത് റിപ്പോർട്ടിലെ സമിതി ശിപാർശകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1.ഹർജികളിൻമേലുള്ള റിപ്പോർട്ടുകൾ യഥാസമയം സമിതിയ്ക്ക് ലഭ്യമാക്കുന്നതിലേക്കായി നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടില്ലാത്ത എല്ലാ വകുപ്പുകളും അടിയന്തരമായി നോഡൽ ഓഫീസർമാരെ നിയമിക്കേണ്ടതും നോഡൽ ഓഫീസർമാരായി നിയമിക്കപ്പെടുന്നവരെ ആ ച്ചുമതലയിൽ നിന്നും ഒഴിവാക്കുമ്പോഴും അവർ ദീർഘകാല അവധിയിൽ പ്രവേശിക്കുമ്പോഴും അല്ലെങ്കിൽ അവർ സർവീസിൽ നിന്നും വിരമിക്കുമ്പോഴും പകരം ഒരാളെ കാലതാമസം കൂടാതെ നിയമിക്കേണ്ടതുമാണ്.

2.ഹർജി വിഷയം പരിഹൃതമായാലുടൻ തന്നെ അത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കേണ്ടതും അക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ്.

3.സമിതി ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ താഴേ തലത്തിലുള്ള എല്ലാ ഓഫീസുകളും കാലതാമസം കൂടാതെ ലഭ്യമാക്കേണ്ടതാണ്.

4.താഴേ തലത്തിലുള്ള ഓഫീസുകളിൽ നിന്നും റിപ്പോർട്ട് ലഭ്യമായാൽ അത് പരിശോധിച്ച് കാലതാമസം കൂടാതെ സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് എല്ലാ വകുപ്പ് സെക്രട്ടറിമാരും അതീവ ശ്രദ്ധ പുലർത്തേണ്ടതും ഇക്കാര്യം ബന്ധപ്പെട്ടവർ പാലിക്കുന്നുണ്ടെന്ന്

പാർലമെന്ററികാര്യ വകുപ്പ് ഉറപ്പ് വരുത്തേണ്ടതുമാണ്.

5 . സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ ഹാജരാകാൻ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് സാധിക്കാത്ത പക്ഷം അത് മുൻകൂട്ടി സമിതി അദ്ധ്യക്ഷനെ അറിയിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

6.സമിതിയുടെ നാളിതുവരെയുള്ള വിവിധ റിപ്പോർട്ടുകളിലെ ശിപാർശകൾ/നിർദേശങ്ങൾ സംബന്ധിച്ച നടപടി റിപ്പോർട്ടുകൾ ലഭ്യമാക്കാൻ ശേഷിക്കുന്നവയിൽ ആയത് രണ്ട് മാസത്തിനുള്ളിൽ പൂർണ്ണമായും ലഭ്യമാക്കുന്നതിന് വേണ്ട നടപടി ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ടതാണ്.

7.സമിതിയുടെ പരിഗണനയിലുള്ള ഹർജികളിന്മേലുള്ള റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കുന്നതിനായി വകുപ്പുകൾ അദാലത്തുകൾ സംഘടിപ്പിക്കേണ്ടതാണ്.

8.സമിതി മുമ്പാകെ ലഭിക്കുന്ന ഹർജികൾ റിപ്പോർട്ടിനായി ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് അയയ്ക്കുമ്പോൾ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് സമയബന്ധിതമായി സമിതിയെ അറിയിക്കേണ്ടതും സമിതിയുടെ സജീവ പരിഗണനയിലുള്ള വിവിധ വിഷയങ്ങളിന്മേൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ സമയബന്ധിതമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. വിവിധ വകുപ്പുകളുടെ സെക്രട്ടറിമാർ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതാണ്.

SARADA MURALEEDHARAN I A S
CHIEF SECRETARY

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (നിയമം/ ധനകാര്യം ഉൾപ്പെടെ)
സെക്രട്ടറി, കേരള നിയമസഭ ( ആമുഖ കത്ത് സഹിതം.)
എല്ലാ വകുപ്പ് മേധാവികൾക്കും
വിവരപൊതുജനസമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Legimol M J
സെക്ഷൻ ഓഫീസർ.
Date: 11-12-2024 10:57:36

പകർപ്പ്: ബഹു.പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി
പാർലമെന്ററികാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എയ്ക്ക്
പാർലമെന്ററികാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്